# അദ്ധ്യായം -14

ഈ അദ്ധ്യായത്തിന്റെ ആരംഭത്തിൽ സീയോൻമലയുടെ ഒരു ദർശനം കാണുന്നു. വചനത്തിൽ രണ്ട് സീയോൻ മലകൾ കാണാം. 1. ഭൂമിയിലുള്ളത്, (യെറുശലേമിലുള്ളത്) പുറ (19:2,11) (2) സ്വർഗ്ഗീയ സീയോൻ മല (റോമ 11:25) (എബ്രാ 11:22,23) കുഞ്ഞാടിനോടൊപ്പം സീയോൻ മലയിൽ നില്ക്കുന്ന നൂറ്റിനാല്പത്തിനാലായിരം പേരെക്കുറിച്ച് പല വ്യാഖ്യാനങ്ങൾ ഉണ്ട്. ഇവർ സഭയെന്ന് വിശ്വസിക്കുന്ന ചിലരുടെ അഭിപ്രായങ്ങൾ തെറ്റാണ് എന്ന് വചനത്തിലൂടെ മനസ്സിലാക്കുവാൻ കഴിയും . സഭയും , നൂറ്റിനാല്പത്തിനാലായിരം പേരും തമ്മിലുള്ള വ്യത്യാസങ്ങൾ. വെളി:(14:1-5).

1. ഇവർ യിസ്രായേലിലെ പന്ത്രണ്ടു ഗോത്രങ്ങളിൽ നിന്നും വേർതിരിക്കപ്പെട്ടവർ. (വെളി: 7:4-8)
സഭ - സകലഗോത്രങ്ങളിൽ നിന്നുമുള്ളവർ (വെളി: 5:9)

2. സീയോൻമലയിൽ നില്ക്കുന്നവരുടെ എണ്ണം കൃത്യമാണ് (വെളി: 14:1)
സഭയുടെ എണ്ണം നിശ്ചിതമല്ല.അത് വർദ്ധിച്ചുകൊണ്ടിരിക്കും അ:പ്ര(16:5)

3) അവന്റെ നാമവും , പിതാവിന്റെ നാമവും നെറ്റിയിൽ മുദ്രണം ചെയ്തവരാണ് സീയോൻമലയിൽ ഉള്ളവർ, (വെളി: 14:1)
എന്നാൽ സഭയുടെ മുദ്ര ഹൃദയങ്ങളിലാണ്.
കൂടാതെ സഭയുടെ മുദ്ര വീണ്ടെടുപ്പിന്റെ ഉറപ്പാണ്.
(2 കൊരി:1:22) , (എഫേ (1:14),(4:30)

4) നൂറ്റിനാല്പത്തിനാലായിരം പേരുടെ സ്ഥാനം സീയോൻ മലയിൽ കുഞ്ഞാടിനൊപ്പം നില്ക്കുക എന്നാണ് (വെളി: 14:1)
എന്നാൽ നമ്മുടെ സ്ഥാനമാകട്ടെ(സഭ) പിതാവിന്റെ സിംഹാസനസ്ഥാനത്തു തന്നെ ആയിരിക്കും. (യോഹ 14 :3)

5) നൂറ്റിനാല്പത്തിനാലായിരം പേർ പാട്ട് പഠിച്ചു. (വെളി:14:3)
ഇത് പാടിയത് ആർ? രണ്ട് വ്യാഖ്യാനങ്ങളിൽ കാണുന്നു. വെളി (15:2:3) വാക്യങ്ങളിൽ ഇവർ മഹോപദ്രവകാലത്തെ കാണുന്നു. ഇവരുടെ സംഖ്യ അധികമാകയാൽ ആണ് വലിയശബ്ദം കേട്ടത്. അതിനാൽ സഭയല്ല എന്ന് ചിലർ പറയുന്നു. ഭൂമിയിൽ നിന്ന് വിലയ്ക്ക് വാങ്ങപ്പെട്ടവർ ആകയാൽ (വെളി: 14:3) ഇത് സഭയാണെന്ന് ചിന്തിക്കുന്നവരുമുണ്ട്.കൂടാതെ സഭ ഉൾപ്രാപണം ചെയ്തതുമാണല്ലോ (മഹോപദ്രവത്തിന് മുൻപ്)

6) സീയോൻ മലയിൽ നിൽക്കുന്നവർ കന്യകമാർ (വെളി 14:4)
സഭയെ - ബഹുവചനത്തിലല്ല ഏകവചനത്തിൽ സൂചിപ്പിക്കുന്നതിനാൽ ഇത് സഭയല്ല.
(1 കൊരി : 11:2)

ഈ നൂറ്റിനാല്പത്തിനാലായിരം (144,000) പേർ ആരെന്നുള്ളതിന് ഭിന്നാഭിപ്രായങ്ങൾ ഉണ്ടാകാം. എന്നാൽ തുടർന്ന് <u>ഇവർ എങ്ങനെയുള്ളവർ എന്ന് നമുക്ക് ചിന്തിയ്ക്കാം.</u>

1. ഇവർ കുഞ്ഞാടിനെ അനുഗമിക്കുന്നു, ഇതുപോലെ ക്രിസ്ത്യാനി ക്രിസ്തുവിനെ അനുഗമിക്കണം. (വെളി 14:4)

2. ഇവർ ദൈവത്തിനും കുഞ്ഞാടിനും ആദ്യഫലമായി മനുഷ്യരുടെ ഇടയിൽനിന്ന് വീണ്ടെടുത്തിരിക്കുന്നു. (വെളി 14:4)
വിളവിൽ ഏറ്റവും മേത്തരമായതാണ് ആദ്യഫലമായി അർപ്പിക്കുന്നത് .ഒരു ദൈവപൈതൽ ഏറ്റവും വിലയേറിയതും ഊനമില്ലാത്തതുമായ യാഗവസ്തു ആയിരിക്കണം.

3. സീയോൻമലയിൽ നില്ക്കുന്നവരുടെ വായിൽ ഭോഷ്ക്കില്ല. അധരങ്ങളുടെ വിശുദ്ധി ദൈവം ആഗ്രഹിക്കുന്നു. വിടുവായനോ , അസഭ്യംപുലമ്പുന്നവനോ ആകുവാൻ പാടില്ല ഒരു ക്രിസ്ത്യാനി.

4. ഇവർ കളങ്കമില്ലാത്തവർ - വെളി (14- 5) അതുപോലെ ഒരു ക്രിസ്ത്യാനിയും നിഷ്ക്കളങ്കനായിരിക്കണം.

**മൂന്ന് പ്രധാനദൂതുകൾ**

ഒന്നാമത്തെ ദൂത് -വെളി (14:6-7)

ഒന്നാമത്തെ ദൂതൻ നൽകിയ ഈ ദൂതിനെ നിത്യ സുവിശേഷം എന്ന് പറയുന്നു.

നിത്യസുവിശേഷം (eternal message of Good News)

1. ദൈവത്തെ ഭയപ്പെടണം (വെളി 14:7)
2. അവന് മഹത്വം കൊടുക്കണം (വെളി 14:7)
3. സൃഷ്ടാവിനെ നമസ്ക്കരിക്കണം.

(വചനത്തിലെ മറ്റ് സുവിശേഷങ്ങൾ)

രാജ്യത്തിന്റെ സുവിശേഷം

സ്നാപക യോഹന്നാൻ ആദ്യം പ്രസംഗിച്ചു (മത്താ:(3:1-3)

തുടർന്ന് കർത്താവ് വ്യക്തമാക്കുന്നു - മർക്കോ :(1:14:15)

ശിഷ്യൻമാർ പ്രസംഗിക്കുന്നു. ലൂക്കോ :(10:1-16)

മഹാപീഢകാലത്ത് തുടർന്നു (മത്താ:(24:14)

കൃപയുടെ സുവിശേഷം (അ:പ്ര (20 :24)

കൃപയുടെ ശ്രോതസ്സ് ദൈവസ്നേഹം (യോഹ 3:16)

കൃപയാൽ ലഭിച്ചതിനാൽ ഇത് കൃപയുടെ സുവിശേഷമായി- 2 കൊരി (10:14)

വേറൊരു ഉപദേശം - ഗലാ (1:6-9)

ഇത് സത്യസുവിശേഷത്തിന് വിരോധമാണ്.

**രണ്ടാം ദൂതന്റെ പ്രഖ്യാപനം - വെളി (14 : 8)**

മഹതിയാം ബാബേലിന്റെ വീഴ്ച - യെശ (21: 9), യിരെ (51: 7,8)

ന്യായവിധി അവളെ വിട്ടൊഴിയുന്നില്ല

**മൂന്നാമത്തെ ദൂതന്റെ പ്രഖ്യാപനം ( വെളി 14:9-11)**

മൃഗമുദ്ര ഏല്ക്കുന്നവർക്കുള്ള ശിക്ഷ മൂന്നാമത്തെ ദൂതൻ മുൻകൂട്ടി പ്രഖ്യാപിക്കുന്നു. വിധി പിന്നീടാണ് സംഭവിക്കുന്നത്. (വെളി:14 :10,11)

കർത്താവിൽ മരിക്കുന്നവർക്ക് വിശ്രാമം(വെളി :(14:13)

മഹോപദ്രവത്തിന്റെ കൊടുംയാതനയിലും വിശ്വാസത്തിനുവേണ്ടി പിടിച്ചു നിന്ന വിശ്വസ്തൻമാർക്ക് കർത്താവ് സ്വസ്ഥത അഥവാ വിശ്രാമം വാഗ്ദത്തം ചെയ്തിരിക്കുന്നു.എന്നാൽ മൃഗനമസ്ക്കാരികൾരാവോ പകലോ വ്യത്യാസമില്ലാതെ തുടർമാനമായി ദണ്ഡനം അനുഭവിക്കുന്നു. കർത്താവിൽ മരിച്ചവരുടെ പ്രവർത്തി അവരെ പിൻചെല്ലുന്നു.

ന്യായവിധിയുടെ വിളവെടുപ്പ് (വെളി : 14:13)

യഹൂദൻമാർക്ക് സുപരിചിതമായ രണ്ട് വിളവെടുപ്പിന്റെ ചിത്രീകരണവുമായി ഈ അദ്ധ്യായം അവസാനിക്കുന്നു. ഒന്നാമത്തെ വിളവെടുപ്പ് നിത്യജീവനിലേക്കുള്ള ആത്മാക്കളുടെ വിളവെടുപ്പാണ് .ആദ്യത്തെ കൊയ്ത്ത് എപ്രകാരം. - വെളി (14: 14,15)

രണ്ടാമത്തെ കൊയ്ത്ത് - വെളി (14: 17-20)

ഒരു വലിയ മഹായുദ്ധം ഉണ്ടാകും. സഹോദരങ്ങളേ! നാം ഒന്നാം കൊയ്ത്തിനുള്ളവരോ ? അതോ രണ്ടാം കൊയ്ത്തിനുള്ളവരോ ?

The bread from the heaven

ഇത് യഹോവ നിങ്ങൾക്ക് ഭക്ഷിപ്പാൻ തന്ന ആഹാരം (പുറ :16:15)

ആർക്ക് ആരാണ് നൽകിയത് ഈ ആഹാരം ?

-യഹോവ, മരുഭൂമിയിലെ യിസ്രായേലിന് നൽകിയ ആഹാരം (പുറ : 16:15)

മരുഭൂമിയിലെ യിസ്രായേലിന്റെ പ്രത്യേകത എന്ത്?

പകലും രാവും യാത്രചെയ്യാൻ തക്കവണ്ണം യഹോവ അവർക്ക് മുമ്പായിപോയി. (പുറ :13:21,22)

മരുഭൂവാസികൾക്ക് താല്ക്കാലിക ഭവനമാണ് - കൂടാരം ( tent)

(ഈ ലോകഭൂയാത്രയിൽനാമും മരുഭൂയാത്രക്കാരാണ്. അതിനാൽ നാം കൂടാരവാസികളാണ്)

മരുഭൂമിയിലെ യിസ്രായേലിന് യഹോവ കൂടെയുള്ളതുപോലെ , നമ്മോടൊപ്പവും കൂടാരത്തിൽ അവൻ ഉണ്ടാകണമെങ്കിൽ നാം എങ്ങനെയുള്ളവരാകണം. ?

സങ്കീർത്തനം (15) ൽ എങ്ങനെയുള്ളവരാണ് കൂടാരത്തിൽ പാർക്കുന്നത് അഥവാ കൂടാരവാസികളുടെ പത്ത് ഗുണങ്ങൾ എന്തെല്ലാമെന്ന് രേഖപ്പെടുത്തിയത് ശ്രദ്ധിക്കുക.

മിസ്രേം പൂർണ്ണമായി വിട്ട് - കനാൽ ലക്ഷ്യമാക്കി യാത്ര മുൻപോട്ടുപോകണം.

പഴയനിയമ യിസ്രയേൽ യഹോവ മിസ്രേമിനോട് യുദ്ധം ചെയ്തതുകണ്ടു, ഉണങ്ങിയ നിലത്തു കൂടി നടത്തിയതു മാത്രമല്ല (പുറ 14 : 29)

മാറായെ മധുരമാക്കി നൽകിയതും കണ്ടവരാണ്. എന്നിട്ടും പിറുപിറുത്ത രണ്ട് അവസരങ്ങൾ (പുറ (14:12), (15:24)

(ദൈവീക കരുതലും , സംരക്ഷണവും അനുഭവിച്ചിട്ടും നാമും പിറുപിറുക്കുന്നവരാണോ? ഒരു തിരിഞ്ഞുനോട്ടം അനിവാര്യമാണ്)

ചെങ്കടലിൽ നിന്ന് പ്രയാണം ചെയ്യിച്ച്, ശൂർമരുഭൂമിയിലെത്തിമാറായുടെ നന്മ അനുഭവിച്ചിട്ടും വീണ്ടും യിസ്രായേൽ ജനം പിറുപിറുക്കുന്നവരായി. (പുറ: 16:2)യിസ്രായേൽ വിട്ടുപോന്ന ഇടമാണ് മിസ്രേം (ലോകത്തിന്റെ പ്രതീകം) . മാറായിൽ മരണത്തിന്റെ കയ്പുമാറി പുനരുത്ഥാനത്തിന്റെ മഹത്വം കണ്ടു. ജഡമോഹം , കൺമോഹം , ജീവനത്തിന്റെ പ്രതാപം ഇവ നമ്മുടെ ജീവിതം കയ്പിക്കുന്നു. യേശുക്രിസ്തു ആകുന്ന വൃക്ഷക്കൊമ്പ് ഇട്ടാലേ ജീവിതം മധുരതരമാകൂ. പുറ :15:25)

(അവിടെ വച്ച് അവർക്ക് ഒരു ചട്ടവും പ്രമാണവും നല്കി. (പുറ: 15:26). ഈ പ്രമാണങ്ങൾ അനുസരിക്കുന്നവർക്ക് ലഭിക്കും എന്ന് അരുളിചെയ്ത വാഗ്ദത്തം നമുക്കും പ്രാപ്യമാണ്)

മൂന്നാം പ്രാവശ്യം യിസ്രായേൽ ജനം പിറുപിറുക്കുമ്പോൾ അവർ ഏലിമിനും,സീനായ്ക്കും മദ്ധ്യേയുള്ള സീൻമരുഭൂമിയിലായിരുന്നു.

ഏലീം- സ്വർഗ്ഗീയ ശുശ്രൂഷ അവർക്കു പ്രദാനം ചെയ്ത ഉന്മേഷത്തിന്റെ ഉറവുകളുടെ അനുഗ്രഹം പ്രാപിച്ച സ്ഥലമാണ്. ഇവിടെ പന്ത്രണ്ട് നീരുറവും, എഴുപത് ഈത്തപ്പനയും ദൈവം കരുതിയിരുന്നു. (പുറ: 15:27)

സീനായ് പർവ്വതം - പ്രമാണങ്ങൾ ദൈവം മോശയെ ഏൽപ്പിച്ച സ്ഥലം.

ചെങ്കടലിൽ നടത്തിയവനെ സ്തുതിച്ച ഈ കൂടാരവാസികൾ , മിസ്രേമിൽ അടിമത്വം അനുഭവിക്കുന്നതിനേക്കാൾ , വിമോചിതരായി ദൈവത്തോടൊപ്പം കഴിയുന്നത് നന്നെന്ന് ചിന്തിച്ചില്ല. സാത്താനിൽ ഊറ്റം കൊണ്ടതിനാലാണ് മിസ്രേമിലെ ഇറച്ചിക്കലങ്ങളുടെ മഹത്വം പറഞ്ഞത്. (പുറ:16:3) എന്നിട്ടും വിളിച്ചവൻ വിശ്വസ്തനാകയാൽ ആ സ്നേഹനിധിയുടെ വാക്കുകൾ ശ്രദ്ധിക്കുക. (പുറ: 16:4)

## “ I will raindown bread from heaven for you”

ദൈവം അത്ഭുതകരമായി നൽകിയ അത്ഭുതമായ ആഹാരമാണിത്. (പുറ 16:14,31)

യിസ്രായേല്യർ അതിനിട്ട പേരാണ് - മന്ന. സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങിവന്ന സാക്ഷാൽ അപ്പം ആയ ക്രിസ്തുവിന്റെ നിഴലാണ് മന്ന. (യോഹ : 6:12,33,51,58)

ലോകമനുഷ്യന് (മിസ്രേമ) ചിന്തകൾ വിടാത്തവന് ഒരിക്കലും അതിന്റെ (സ്വർഗ്ഗീയ ഭക്ഷണം)

മൂല്യം മനസ്സിലാക്കുവാൻ കഴിയുകയില്ല . മരുഭൂമിയിലെ യിസ്രായേൽ മിസ്രേമ്യ വലയത്തിൽ നിന്ന് സ്വതന്ത്രരാകണം.

മിസ്രേം പിന്നിലും കനാൻ മുന്നിലുമാകണം

<u>സ്വർഗ്ഗീയമന്ന (ക്രിസ്തുവിന്റെ നിഴൽ) സ്വീകരിക്കുന്നവർക്കുള്ള ചില പ്രമാണങ്ങൾ</u>

1. അതിരാവിലെ ഭക്ഷിക്കണം (പുറ: 16:15,12,21)

2. അവനവന് ഭക്ഷഇക്കാവുന്നത് പെറുക്കണം. ദൈവം തന്ന അളവ് മറക്കരുത് (പുറ: 16:16,18)

3. പ്രഭാതത്തിൽ ലഭിക്കുന്ന ഭക്ഷണം വെയിലാറും മുമ്പ് പെറുക്കണം (പുറ: 16:14,21)

(അതിരാവിലെ (പ്രഭാതയാമത്തിൽ ) യഹോവയുടെ തേജസ്സു കാണും (പുറ: 16:6)എന്നതിനാൽ അന്നത്തേക്കാവശ്യമായ ആത്മീയ ഭക്ഷണം പെറുക്കാനായി കൂടാരവാസികൾ കുടുംബമായി ദൈവസന്നിധിയിലിരിക്കുവാൻ ശ്രമിക്കണം. വെയിൽ മൂത്താൽ (ലോകം ഉണർന്ന് പ്രവർത്തനോൻമുഖമായാൽ) പെറുക്കാൻ കഴിയുകയില്ല.

**<u>മഞ്ഞ്-</u>** വെയിലിന്റെ ചൂടിൽ ഉരുകിപോകും .പരിശുദ്ധാത്മാവോടു ചേർന്ന് പ്രഭാതത്തിൽ പെറുക്കിയ വചനം മാത്രമേ നമ്മെ ബലപ്പെടുത്തുകയുള്ളൂ.

4. ആറു ദിവസവും അതതു ദിവസത്തേക്ക് പെറുക്കുക (പ്രഭാതത്തിൽ അന്നന്നത്തേക്കാവശ്യമായ ആരോഗ്യം ,കാവൽ, കരുതൽ, ആശ്വാസം , ധൈര്യം , വിടുതൽ എല്ലാം ഈ ഭക്ഷണം നമുക്കു തരും- പ്രഭാത പ്രാർത്ഥന കുടുംബമായിട്ടുള്ളത് മുടക്കരുത്. ഓർക്കുക വെയിൽ മൂക്കുമ്പോഴല്ല പെറുക്കേണ്ടത് ) എന്നാൽ ആറാം ദിവസം പെറുക്കുന്നത് ഇരട്ടിയാക്കും കാരണം എന്ത്? (പുറ: 16:5,23,30)

5. പെറുക്കുന്ന മന്ന ഭക്ഷിക്കുന്നവനുണ്ടാകുന്ന പ്രയോജനം (നെഹ : 9:20,21)

(ഏത് കാലാവസ്ഥയ്ക്കും , ഏത് പ്രായക്കാർക്കും ഏത് ഇഷ്ടക്കാർക്കും ചേർന്ന രുചിയിൽ , ഗുണത്തിൽ രോഗപ്രതിരോധ ശക്തിയോടെ പ്രഭാതത്തിൽ ലഭിക്കുന്ന ഈ ആഹാരം പെറുക്കുവാൻ <u>"മരുഭൂമിയിലെ യിസ്രായേലാകുക"</u>

ജനം ന്യായപ്രമാണം അനുസരിക്കുമോ ഇല്ലയോ എന്ന് ഞാൻ പരീക്ഷിക്കും എന്ന് മോശയോട് അരുളിചെയ്ത കർത്താവ് കണ്ടത് അനുസരിക്കാത്തവരുടെ ചിലരുടെ അവസ്ഥയാണ് (പുറ: 16:20,27)

(നാം അനുസരിക്കുന്നവരാകുമോ ? ഓർക്കുക അനുസരിച്ചവരേ ദൈവമഹത്വം കാണുകയുള്ളൂ.)

ഒരു മിസ്രയീമ്യന് ഒരിക്കലും വിലമതിക്കുവാനോ അതുകൊണ്ട് ഉപജീവിക്കുവാനോ ഈ അപ്പത്താൽ കഴിയുകയില്ല എന്നാൽ "മേഘത്തിലും സമുദ്രത്തിലും സ്നാനിതരായവർക്ക് , സ്നാനത്തിന് അനുയോജ്യമായ ജീവിത സ്ഥിരത പാലിക്കുന്നുവെങ്കിൽ , ഈ സ്വർഗ്ഗീയഭോജനം ആസ്വദിക്കുകയും , അതിൽ പുഷ്ടിപ്രാപിക്കുകയും ചെയ്യാം. മരുഭൂമിയിലെ മണൽത്തരികളാൽ ദോഷം സംഭവിക്കാതെ മഞ്ഞിൽ പൊതിഞ്ഞു തരുന്നതാണ് പ്രഭാതത്തിലെ ഈ ഭക്ഷണം.

<u>മന്നയും, ക്രിസ്തുവും തമ്മിലുള്ള ഒരു താരതമ്യ പഠനം</u>

| | | | | |
|---|---|---|---|---|
| 1. | മന്ന | - | ആകാശത്തു നിന്ന് | (പുറ :16:4) (യോഹ : 6:31) |
| | ക്രിസ്തു | - | സ്വർഗ്ഗത്തിൽ നിന്നുളളവൻ | (യോഹ :6:35) |
| 2. | മന്ന | - | മഞ്ഞിൽ ഉല്പാദിച്ചു | (പുറ: 16:14) |
| | ക്രിസ്തു | - | പരിശുദ്ധാത്മാവാൻ ഉല്പാദിപ്പിക്കപ്പെട്ടു | (മത്താ :1:20) |
| 3. | മന്ന | - | ചെറിയത് | (പുറ: 16:14) |
| | ക്രിസ്തു | - | ചെറിയവൻ | (മത്താ : 25:45) |
| 4. | മന്ന | - | നിലത്തു കിടന്നു | (പുറ:16:14) |
| | ക്രിസ്തു | - | പശുത്തൊട്ടിയിൽ | ലൂക്കോ:(2:12) |
| 5. | മന്ന | - | രുചിയുള്ളത് | പുറ:(16:31) |
| | ക്രിസ്തു | - | മാധുര്യമുള്ളവൻ | (ഉത്ത : 5:16) |
| 6. | മന്ന | - | ഇതെന്ത് മർമ്മം | പുറ:(16:15) |
| | ക്രിസ്തു | - | ദൈവമർമ്മം | (കൊലോ : 2:2) |

പ്രീയരേ ! നമ്മുടെ പതിവായ ആഹാരം ക്രിസ്തുവായിരിക്കട്ടേ. അതികാലത്തേ തയ്യാറാവുക. മഞ്ഞുതിള്ളികളിൻമേൽ വീഴുന്ന - വീണുകിടക്കുന്ന മന്ന ശേഖരിക്കുക, ആത്മീയ വിശപ്പോടെ ഭക്ഷിക്കുക. പരിശുദ്ധാത്മാവാം ദൈവത്തിന്റെ സമൃദ്ധകൃപ നിനക്കതിനാവശ്യമായ ശക്തി തരട്ടെ എന്ന് പ്രാർത്ഥിക്കുന്നു.